# സേതുമാഹാത്മ്യം കിളിപ്പാട്ട് -
# സംശോധിതസംസ്കരണവും പഠനവും

കേരളസർവകലാശാലയുടെ ഓറിയന്റൽ ഫാക്കൽറ്റിയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

വിനോദ് എൽ.

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരളസർവകലാശാല, കാര്യവട്ടം
തിരുവനന്തപുരം
2023

# പ്രബന്ധസംഗ്രഹം

## സേതുമാഹാത്മ്യം കിളിപ്പാട്ട് - സംശോധിതസംസ്കരണവും പഠനവും

തുഞ്ചത്തെഴുത്തച്ഛന്റെ കിളിപ്പാട്ടുകൃതികളെ അവലംബിച്ച് ധാരാളം കിളിപ്പാട്ടുകൃതികൾ ഭാഷയിൽ ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു കൃതിയാണ് 'സേതുമാഹാത്മ്യം കിളിപ്പാട്ട്.' കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയാണ് ഇതിന്റെ കർത്താവ്. *സേതുമാഹാത്മ്യം കിളിപ്പാട്ട്* എന്ന കൃതിയുടെ സംശോധിതപാഠവും പഠനവും അക്കാദമികസമൂഹത്തിനു മുന്നിൽ കൊണ്ടുവരികയാണ് ഈ പഠനത്തിന്റെ പ്രധാനലക്ഷ്യം.

പ്രാചീനമധ്യകാലകൃതികളുടെ യഥാതഥമായ പാഠം വീണ്ടെടുക്കുന്നതിനും ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കൃതിയുടെ കർത്താവ്, രചനാകാലം എന്നിവ കൃത്യമായി കണ്ടെത്തുവാനും ഉപകരിക്കുന്ന ഗവേഷണപ്രക്രിയയാണ് സംശോധിതസംസ്കരണം. പാഠഭേദങ്ങളിലും പാഠവൈകൃതങ്ങളിലുംപെട്ട് സ്വരൂപം നഷ്ടപ്പെട്ട കൃതിയുടെ മൂലപാഠം കണ്ടെത്തുന്നതിന് ഏറെ സഹായകമായ ഒരു രീതിശാസ്ത്രമാണ് പാഠവിമർശനം. (Textual Criticism) അതിനാൽ 'പാഠവിമർശന'മെന്ന രീതിശാസ്ത്രം ഉപയോഗിച്ചാണ് ഈ ഗവേഷണപഠനം നടത്തിയിട്ടുള്ളത്.

ഈ പ്രബന്ധത്തിന് പ്രധാനമായും രണ്ടുഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ ഭാഗത്ത് സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ 'പഠന'വും രണ്ടാം ഭാഗത്ത് സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ 'സംശോധിതസംസ്കരണപാഠ'വുമാണ്. ഒന്നാമത്തെ ഭാഗത്ത് അഞ്ച് അദ്ധ്യായങ്ങളുണ്ട്. ഒന്നാം അദ്ധ്യായത്തിൽ സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ കർത്താവ്, ജീവിതകാലം, കൃതിയുടെ രചനാകാലം, മറ്റുകൃതികൾ എന്നിവയെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ഗ്രന്ഥത്തിലെ ആഭ്യന്തരമായ തെളിവുകളുടെയും ബാഹ്യമായ തെളിവുകളുടെയും സാഹിത്യചരിത്രകാരന്മാരുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ഈ കൃതിയുടെ കർത്താവ് കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയാണെന്ന് ഉറപ്പിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ജീവിതകാലം കൊല്ലവർഷം 900-ത്തിനും 970-നും ഇടയിലാണെന്നും ഈ കൃതിയുടെ രചനാകാലം കൊല്ലവർഷം 941-നും 952-നും ഇടയിലാണെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞു. 'പ്രതിപാദ്യപഠനം' എന്ന രണ്ടാമത്തെ അദ്ധ്യായത്തിൽ സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ ഇതിവൃത്തം, വിവർത്തനസ്വഭാവം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സേതുമാഹാത്മ്യം കിളിപ്പാട്ടിൽ ഉപയോഗിച്ചിരിക്കുന്ന വൃത്തം, അലങ്കാരം, വർണ്ണന, കാവ്യശൈലി എന്നിവയെക്കുറിച്ചാണ് 'സാഹിതീയസവിശേഷതകൾ' എന്ന മൂന്നാമത്തെ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

നാലാം അദ്ധ്യായത്തിൽ രാമേശ്വരം ക്ഷേത്രസംസ്കാരത്തെക്കുറിച്ചും അവിടുത്തെ തീർത്ഥങ്ങളെക്കുറിച്ചുമാണ് വിശദമാക്കുന്നത്. സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ സംശോധിതസംസ്കരണത്തിന്റെ പ്രസക്തി, ഈ പഠനത്തിന്റെ ഉപാദാനസാമഗ്രികളായി ഉപയോഗിച്ച താളിയോല ഗ്രന്ഥങ്ങളുടെയും മറ്റു പകർപ്പുകളുടെയും വംശാവലീബന്ധം തുടങ്ങിയവയാണ് അഞ്ചാമത്തെ അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നത്. രണ്ടാം ഭാഗത്തിൽ സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ 'സംശോധിതസംസ്കരണപാഠ'മാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കവികൃതമായ പാഠത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന പാഠം സൃഷ്ടിക്കാനാണ് ഈ ഭാഗത്തിൽ ശ്രമിച്ചിട്ടുള്ളത്. പാഠഭേദങ്ങളും വിട്ടെഴുത്തും ചേർത്തെഴുത്തുമൊക്കെ (Omission & Addition) അടിക്കുറിപ്പായി കൊടുത്തിട്ടുണ്ട്. ഈരടികൾക്ക് നമ്പരിടുക, ആവശ്യമുള്ളിടത്ത് ചിഹ്നങ്ങൾ ചേർത്ത് അർത്ഥവ്യക്തത വരുത്തുക തുടങ്ങി സാധാരണക്കാരായ വായനക്കാർക്കു കൂടി അർത്ഥബോധത്തിനു സഹായകമാകുന്ന തരത്തിലാണ് സംശോധിതസംസ്കരണഭാഗം തയ്യാറാക്കിയിട്ടുള്ളത്.